LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ഉമേഷ് ചള്ളിയിൽ ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോടും, ഉൽകണ്ഠയോടും അഭിപ്രായങ്ങളോടും ഒരു വ്യക്തിയെന്ന നിലയിൽ ഞാൻ പൂർണ്ണമായി യോജിക്കുന്നു. ശബരിമല ക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ഒരു തീർത്ഥാടന കേന്ദ്രമാണ്. 1950-ലെ ഹിന്ദുമത സ്ഥാപന നിയമമനുസരിച്ച് അതിന് അനുസൃതമായി രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും മാനുവലും അനുസരിച്ചാണ് ബോർഡ് പ്രവർത്തിക്കുന്നത്. ഒരു സ്വയംഭരണ സ്ഥാപനമായ ദേവസ്വം ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടാൻ സർക്കാരിന് അധികാരമില്ല. ശബരിമലയിലെ ശാന്തിക്കാരേയും ക്ഷേത്രത്തിലെ വെള്ളനിവേദ്യം, പായസം എന്നിവ തയ്യാറാക്കാനുള്ള ആൾക്കാരേയും നിയോഗിക്കുന്നത് അവരുടെ നിലവിലുള്ള ആചാരപ്രകാരമാണ്. വെള്ള നിവേദ്യം, പായസം എന്നിവ തയ്യാറാക്കുന്നത് മലയാള ബ്രാഹ്മണർ തന്നെ ആയിരിക്കണമെന്നുള്ളതു പുരാതനകാലം മുതൽ നിലനിൽക്കുന്ന ഒരു ആചാരമാണ്. ആചാരാനുഷ്ഠാനങ്ങളിൽ മാറ്റം വരുത്തുന്നതിന് നിർദ്ദേശം നൽകാൻ ഈ സർക്കാരിന് അധികാരമില്ല. ക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങളിൽ സർക്കാർ ഇടപെടാറുമില്ല. ഇത്തരം കാര്യങ്ങളിൽ തന്ത്രിയുടെ തീർപ്പാണ് ഇതുവരെ പ്രധാനം. ഞാൻ ഇതുവരെയുള്ള സമ്പ്രദായം പറയുകയാണ്. ഒന്നു പറഞ്ഞുകൊള്ളട്ടെ, കഴിഞ്ഞ തവണയും ഇതു തന്നെയായിരുന്നു സ്ഥിതി. ഇത് ആരുടെ കാലത്തും മാറിയില്ല. ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ, ഇത്തരം കാര്യങ്ങളിൽ തന്ത്രിയുടെ ഏർപ്പാടാണ് പ്രധാനം. ആചാരാനുഷ്ഠാനങ്ങളിൽ മാറ്റം വരുത്തുന്നത് ഭക്ത ജനങ്ങളുടെ എതിർപ്പിന് ചിലപ്പോൾ കാരണമാകുകയും ചെയ്തിട്ടുണ്ട്. അതിനാലാണ് ദേവസ്വം ബോർഡ് നിലവിലുള്ള ആചാരമനുസരിച്ച് മലയാള ബ്രാഹ്മണരെ നിയോഗിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. ഇവിടെ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ മറ്റ് പല തരത്തിൽ ആലോചിക്കേണ്ട വിഷയമാണ്. ഞാൻ നിലവിലുള്ള ആചാരാനുഷ്ഠാനങ്ങളെക്കുറിച്ച് ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു എന്നേയുള്ളൂ. ഒന്നുകൂടി പറയുന്നു, ഇവിടെ ശ്രീ. ഉമേഷ് ചള്ളിയിൽ പറഞ്ഞ വികാര വിചാരങ്ങളോടും അഭിപ്രായങ്ങളോടും നമുക്ക് യോജിപ്പാണുള്ളത്. പക്ഷെ നിലവിലുള്ള സമ്പ്രദായം ആയതുകൊണ്ട് ഞാൻ ഈ മറുപടി പറഞ്ഞു എന്നുമാത്രമേയുള്ളൂ.

(3) എൻഡോസൾഫാൻമൂലം ദുരിതമനുഭവിക്കുന്നവരുടെ ചികിൽസയും പുനരധിവാസവും

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, കാസർകോഡ് ജില്ലയിലെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിച്ചതുമൂലം ആയിരക്കണക്കിന് ആളുകൾ ദുരിതത്തിലായിരിക്കുന്നതിനാൽ ചികിൽസയ്ക്കും, പുനരധിവാസത്തിനും സർക്കാരിന്റെ സംവിധാനം ഉണ്ടാകണമെന്നുമുള്ളതാണ് എന്റെ സബ്മിഷൻ.

കാസർകോഡ് ജില്ലയിലെ 10 പഞ്ചായത്തുകളിലായി പരന്നുകിടക്കുന്ന കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ എന്ന മാരകവിഷം തളിച്ചതുമൂലം ദുരന്തത്തിനിരയായവർ ആയിരക്കണക്കിനാണ്. ഒരു മാസം മുൻപ് പുല്ലൂർ പെരിയ പഞ്ചായത്തിൽ മരിച്ച രണ്ടു വയസുകാരൻ ജയകൃഷ്ണൻ ഉൾപ്പെടെ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ മരിച്ചത് 74 പേരാണ്. സംസ്ഥാനത്തെ ആരോഗ്യ വകുപ്പ് നടത്തിയ പ്രിലിമിനറി ക്യാമ്പുകളിൽ നിശ്ചയിച്ച ചികിൽസയെ അടിസ്ഥാനപ്പെടുത്തി കൂടുതൽ നല്ല ചികിൽസയ്ക്കും പരിചരണത്തിനും നിർദ്ദേശിക്കപ്പെട്ടവർ എണ്ണൂറിലേറെ യാണ്. രോഗബാധിതരായി കഴിയുന്ന സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവർക്ക് ചികിൽസയ്ക്കും പുനരധിവാസത്തിനുമായി കാസർകോഡ് ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ പദ്ധതികൾക്ക് സംസ്ഥാന സർക്കാർ ആവശ്യമായ സഹായം നൽകേണ്ടതുണ്ട്. കാസർകോഡ് ജില്ലാ പഞ്ചായത്ത് പുനരധിവാസത്തിന് ആവശ്യമായ സ്ഥലവും കെട്ടിടവും ലഭ്യമാക്കിയിട്ടുണ്ട്. അവിടെ ജീവനക്കാരെ നിശ്ചയിച്ച് അവർക്ക് ശമ്പളം കൊടുത്ത്, ഈ പദ്ധതി പ്രാവർത്തിക മാക്കുന്നതിനുവേണ്ടി സർക്കാർ സഹായിക്കണം. ഒപ്പം സംസ്ഥാനസർക്കാരും ആരോഗ്യ വകുപ്പുംകൂടി മുൻകയ്യെടുത്തുകൊണ്ട് ചികിൽസയ്ക്കും പുനരധിവാസത്തിനുമുള്ള കുറേക്കൂടി വിപുലമായ ഒരു പദ്ധതി കൂടി തയ്യാറാക്കണം. എൻഡോസൾഫാൻ സൃഷ്ടിക്കുന്ന കെടുതികളെ സംബന്ധിച്ച് അന്വേഷിക്കാൻ കേന്ദ്രഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ആ കമ്മിറ്റി കേന്ദ്ര ഗവൺമെന്റിന് അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിൽ ഈ കാസർകോഡ് ജില്ലയിൽ ഉണ്ടായ ആയിരക്കണക്കിന് ആളുകളെ ദോഷകരമായി ബാധിച്ച കെടുതികൾക്കൊന്നും കാരണം എൻഡോസൾഫാൻ അല്ല എന്നാണ് വിലയിരുത്തുന്നത്. കമ്പനികളുടെ എസ്കോർട്ടോടുകൂടിയാണ് സംഭവ സ്ഥലത്ത് കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റി വന്നത്. സംഭവ സ്ഥലങ്ങളിലൊന്നും അവർ പോയിട്ടില്ല. സംസ്ഥാന സർക്കാരിനെയോ, ജില്ലാ പഞ്ചായത്തിനെയോ, ത്രിതല പഞ്ചായത്തിനെയോ, ജില്ലയിലെ എം.എൽ.എ. മാരെയോ പരിസ്ഥിതി പ്രവർത്തകരെയോ ആരേയും അറിയിക്കാതെയാണ് കമ്മിറ്റി സ്വകാര്യമായി സന്ദർശനം നടത്തി തിരിച്ചുപോയത്. ആ ഒരു പശ്ചാത്തലത്തിൽ ഒരു കാരണവശാലും ആ കമ്മിറ്റിയുടെ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കാൻ പാടില്ല എന്നുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന്റെ മുമ്പാകെ ഈ സഭയുടെ പൊതുവായ വികാരമെന്നുള്ള നിലയ്ക്ക് വയ്ക്കണം, കാസർകോഡ് ജില്ലയിൽ എൻഡോസൾഫാൻമൂലം രോഗ ബാധിതരായിട്ടുള്ള ആളുകൾക്ക് പരമാവധി ചികിൽസയും പുനരധിവാസ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് ആവശ്യമായ സംവിധാനമുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): കാസർകോഡ് ജില്ലയിലെ കാഷ്യൂ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ തോട്ടങ്ങളിൽ എൻഡോ സൾഫാൻ കീടനാശിനി സ്പ്രേ ചെയ്തതുമൂലം ധാരാളം രോഗങ്ങളുണ്ടാകുന്നു എന്ന റിപ്പോർട്ടിനെത്തുടർന്ന് ഒരു വിദഗ്ദ്ധ സമിതി പഠനം നടത്തിയിട്ടുണ്ട്. അതിനു പുറമേ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒക്കുപേഷണൽ ഹെൽത്ത്, ഐ.സി.എം.ആർ. അഹമ്മദാബാദ്, സംസ്ഥാന ഗവൺമെന്റ് രൂപീകരിച്ച ശിവരാമൻ കമ്മിറ്റി എന്നിങ്ങനെ വിദഗ്ദ്ധ സമിതികളും പഠിക്കുകയുണ്ടായി. ഈ പഠനങ്ങളിൽ നിന്ന് ഈ പ്രദേശത്തെ ബാധിച്ചിരിക്കുന്ന നിരവധി രോഗങ്ങൾ ഈ കീടനാശിനിയുടെ ഉപയോഗം മൂലമുണ്ടായ പ്രത്യാഘാതങ്ങൾ മൂലം ആകാം എന്നാണ്, മറ്റ് സാഹചര്യ തെളിവൊന്നും ഇത്തരത്തിലുള്ള രോഗബാധകൾക്ക് കാരണമായി ചൂണ്ടിക്കാണിക്കാനില്ല. തലച്ചോർ സംബന്ധമായ രോഗങ്ങൾ, ആസ്ത്മ, കണ്ണ്, ത്വക്ക്, ഞരമ്പ് സംബന്ധിയായ രോഗങ്ങൾ, വിളർച്ച, അമിത രക്ത സമ്മർദ്ദം, ഗോയിറ്റർ, ഹൃദ്രോഗം, സ്ത്രീ രോഗങ്ങൾ എന്നീ രോഗങ്ങളാണ് ആ പ്രദേശത്ത് കൂടുതലായി കാണുന്നത്, ഈ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ ആരോഗ്യ വകുപ്പ് വിശദമായ പഠനം നടത്തുകയും നാല് മെഡിക്കൽ ക്യാമ്പുകളും ഒരു സൂപ്പർ സ്പെഷ്യാലിറ്റി ക്യാമ്പും ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടുകൂടി നടത്തുകയുമുണ്ടായി. ഈ ക്യാമ്പുകളിൽ വ്യാപകമായ പരിശോധനകളും ചികിൽസകളും ആവശ്യമായവർക്ക് വിദഗ്ദ്ധ ചികിൽസയും നൽകുകയുണ്ടായി. ചികിൽസയ്ക്ക് വിധേയരായവർക്ക് ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി മരുന്നുകൾ സൗജന്യമായി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ചികിൽസ തുടർന്നും നൽകിവരുന്നുണ്ട്. വീണ്ടും ആവശ്യമുള്ളവർക്ക് നൽകുന്നതാണ്. പെരിയ, വാണിനഗർ എന്നീ സ്ഥലങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി ആ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ പ്രത്യേകമായി നിരീക്ഷിക്കാനും ഏതെങ്കിലും അടിയന്തിര ഘട്ടംവന്നാൽ നടപടിയെടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ വീട് വീടാന്തരം ആരോഗ്യ സർവേ നടത്താനും ചികിൽസാ സൗകര്യം ഉറപ്പാക്കാനും ബോധവൽക്കരണം നടത്താനും നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കൂടുതലായി സൗകര്യങ്ങൾ ആവശ്യമുണ്ടെങ്കിൽ ചെയ്യുന്നതാണ്.

(4) ലാറ്റിൻ ഭാഷാദ്ധ്യാപകരുടെ അടിസ്ഥാന യോഗ്യത

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് പറയാൻ പോകുന്നത്. കത്തോലിക്കാ സഭയുടെ ഔദ്യോഗിക ഭാഷയാണ് ലാറ്റിൻ, Official language of the Holy. See. 9-11-2001-ൽ വിദ്യാഭ്യാസ വകുപ്പ് ഇറക്കിയ ഒരു ഉത്തരവ് പ്രകാരം ഇന്ന് ലാറ്റിൻ ഭാഷ ഹയർ സെക്കന്ററിയിൽ പഠിപ്പിക്കാൻ ബുദ്ധിമുട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly